**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ഡാറ്റാ എൻട്രി ജീവനക്കാരെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2899/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.11.2018

---

പരാമർശം : 1. കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയുടെ 20.07.2018 തീയതിയിലെ ആർ1- 7152/11 നമ്പർ കത്ത്.

2. നഗരകാര്യഡയറക്ടറുടെ 05.10.2018 തീയതിയിലെ ഇ 6-18957/18 നമ്പർ കത്ത്.

**ഉത്തരവ്**

കാഞ്ഞങ്ങാട് നഗരസഭയിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിന് 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 3 മാസക്കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതായും മേൽ കാലയളവിൽ പദ്ധതി പൂർത്തിയാകാത്തതിനാൽ ടിയാളുകളുടെ സേവനം 3 മാസക്കാലയളവിലേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് തീരുമാനമെടുത്തതിനാൽ ആയതിന് സാധൂകരണം നൽകണമെന്ന് നഗരസഭാ സെക്രട്ടറി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിൽ കാഞ്ഞങ്ങാട് നഗരസഭയിൽ 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം 3 മാസക്കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയ നടപടി 17.07.2018 ലെ തീരുമാനപ്രകാരം കൗൺസിൽ സാധൂകരിച്ചിട്ടുള്ളതാണെന്നതിനാൽ വസ്തു നികുതി പരിഷ്കരണവുമായി കാഞ്ഞങ്ങാട് നഗരസഭയിൽ 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കാഞ്ഞങ്ങാട് നഗരസഭയിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിന് 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 3 മാസക്കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതിനും മേൽ കാലയളവിൽ പദ്ധതി പൂർത്തിയാകാത്തതിനാൽ ടിയാളുകളുടെ സേവനം 3 മാസക്കാലയളവിലേക്ക് ദീർഘിപ്പിച്ച് നൽകിയതിനും, ടിയാളുകളുടെ തുടർച്ചയായ സേവനം 179 ദിവസത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ, സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

നഗരസഭാ സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ